www.malankaralibrary.com

Vol.9 No.7 July 2012

# കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



## വചനബോധി ലത്തീൻ

www.malankaralibrary.com

**വചനബോധി:** ലത്തീൻ

ജൂലൈ 28
വി. അൽഫോൻസാമ്മ ........................................ 3
ഫാ. മനീഷ് ഓലംകണ്ണേൽ എം.സി.ബി.എസ്

ജൂലൈ 29 ഞായർ; യോഹ. 6:1-15 ........................................ 6
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. സെബാസ്റ്റിൻ തോബിയാസ്

ആഗസ്റ്റ് 5 ഞായർ; യോഹ. 6:24-35........................................ 9
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. മേരി ജോൺ കപ്പുച്ചിൻ

ആഗസ്റ്റ് 12 ഞായർ; യോഹ. 6:41-51 ........................................ 12
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ഷിബു പുളിക്കൽ

ആഗസ്റ്റ് 15 സ്വർഗ്ഗാരോപണ തിരുനാൾ; ലൂക്ക. 1:39-56 ........................ 15
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ജോയി. ജെ. കപ്പൂച്ചിൻ

ആഗസ്റ്റ് 19 ഞായർ; യോഹ. 6:51-58 ........................................ 19
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ഫിലിപ്പ് കാരക്കാട്ട്

www.malankaralibrary.com



ജൂലൈ 28

## വി. അൽഫോൻസാമ്മ

## പ്രസംഗം: വിശ്വാസത്തോടെ സഹിച്ചവൾ

'സ്വർണ്ണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു. സഹനത്തിന്റെ തീച്ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും" (പ്രഭാ 2:5).

സഹനത്തിന്റെ ബലിക്കല്ലിൽ സ്ഫുടം ചെയ്തെടുക്കപ്പെട്ട പത്തരമാറ്റുള്ള സംശുദ്ധ സ്വർണ്ണത്തിന്റെ മറ്റൊരു പേര്– വി. അൽഫോൻസാ. സ്നേഹമെന്ന കുറുക്കുവഴിയിലൂടെ ലിസ്യൂവിലെ ചെറുപുഷ്പം മുന്നേറിയപ്പോൾ, സഹനമെന്ന ബൈപ്പാസിലൂടെ നിത്യതയെ പുൽകിയ പുണ്യവതി– വി. അൽഫോൻസാ. സഹനത്തെ പ്രണയിച്ച, ഒരു മനുഷ്യായുസ്സു മുഴുവൻ സഹനത്തിന്റെ ശരശയ്യയിൽ കിടന്ന ഭാരതത്തിന്റെ ഈ ചെറുപുഷ്പം നമ്മെ പഠിപ്പിക്കുന്നത് വിശ്വാസത്തോടെ സഹിച്ചാൽ സഹനം രക്ഷാകരമാകുമെന്ന സത്യമാണ്. ദൈവ സ്നേഹമാകുന്ന അഗ്നിദ്രാവകം കൊണ്ട് അവളെഴുതിയ സഹനലിപികൾ വായിക്കാൻ ആ ജീവിതത്തിലൂടെ ഒരു തീർത്ഥാടനം അനിവാര്യതയാണ്. അത് ചിത്തവൃത്തിപരമായ അഗ്നിസ്നാനത്തിന്റെ വിശുദ്ധി നൽകും, തീർച്ച. ആരായിരുന്നു ആ കന്യക?

അന്നക്കുട്ടി എന്നായിരുന്നു അവളുടെ പേര്. ലോകവും അതിന്റെ മോഹങ്ങളും ക്ഷണികമെന്ന് ചെറുപ്പത്തിലെ തിരിച്ചറിഞ്ഞ പെൺകുട്ടി. എല്ലാം നശ്വരങ്ങൾ! നശ്വരമായതിനെ വിട്ട് അനശ്വരമായതിനെ തേടണം എന്ന് അന്തരാത്മാവ് അവളോട് മന്ത്രിച്ചു. അങ്ങനെ അവൾ കന്യകാലയത്തിലേക്ക് വന്നു. അന്നക്കുട്ടി അൽ ഫോൻസയായി. വെറും മുപ്പത്തിയാറുകൊല്ലത്തെ ജീവിതം. അസാധാരണമായതൊന്നും ആ മുപ്പത്തിയാറുകൊല്ലങ്ങളിൽ സംഭവിച്ചില്ല. പുറം ലോകമറിയുന്ന തരത്തിലുള്ള യാതൊന്നും ആ കന്യാസ്ത്രീ ചെയ്തില്ല. പക്ഷേ, അവൾ സ്നേഹിച്ചു; തീക്ഷ്ണമായി സ്നേഹിച്ചു. സഹിച്ചു; അതിതീവ്രമായി സഹിച്ചു. സഹനബലിയായിരുന്നു ആ ജീവിതം. വേദനയുടെ ശരശയ്യയിൽ, വിശ്വാസമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് കൂടുതൽ കുരിശുകൾ അവൾ ചോദിച്ചുവാങ്ങി. സ്നേഹിച്ചും സഹിച്ചും തളർന്ന് ഒരുനാൾ ആ ദീപം പൊലിഞ്ഞു. പക്ഷേ, സർവ്വേശ്വരൻ അവളിൽ വൻകാര്യങ്ങൾ ചെയ്തിരുന്നു. "ദൈവത്തിന്റെ ശക്തമായ ചിറകിനുകീഴിൽ താഴ്മയോടെ നിന്ന അവളെ അവിടുന്ന് തക്കസമയത്ത് ഉയർത്തി" (1 പത്രോ. 5:6). ആവൃതിക്കുള്ളിൽ നിന്ന് ആ ധന്യജീവിതവും അതിന്റെ പരിമളവും പുറത്തേയ്ക്ക് പ്രവഹിച്ചു. ലോകഭൂപടത്തിൽ ഒന്നുമല്ലാതിരുന്ന ഭരണങ്ങാനം അങ്ങനെ ഭൂവനപ്രസിദ്ധ

www.malankaralibrary.com

മായി. അൽഫോൻസായുടെ വാക്കുകളിൽ പറഞ്ഞാൽ; "ക്ലാരസഭയാകുന്ന ചെടി വളർന്ന് പുഷ്പിക്കാൻ, അതിന്റെ ചുവട്ടിൽ അഴുകിത്തീരാൻ ഞാൻ ആഗ്രഹിച്ചു". ആ ആഗ്രഹം ദൈവം സഫലമാക്കി.

**വിശ്വാസത്തോടെ സഹിച്ചവൾ**

സഹനത്തെ പ്രണയിച്ച വിശുദ്ധയാണ് അൽഫോൻസ. അൽഫോൻസാമ്മയുടെ സഹനത്തിന് അർത്ഥം നൽകിയതോ അവളുടെ വിശ്വാസജീവിതവും. വിശ്വാസത്തോടെ സഹിച്ചു എന്നതാണ് അൽഫോൻസായെ വ്യത്യസ്തയാക്കിയത്. ഒരുവൻ എന്തിനുവേണ്ടി സഹിക്കുന്നു എന്ന് തിരിച്ചറിയുമ്പോഴാണല്ലോ ആ കുരിശുകൾക്ക് അർത്ഥമുണ്ടാകുന്നത്. ഞാൻ ആർക്കുവേണ്ടി സഹിക്കുന്നു? എന്തിനുവേണ്ടി സഹിക്കുന്നു? ഇവയൊക്കെ പ്രസക്തമായ ചോദ്യങ്ങളാണ്. ഒരുവന്റെ വിശ്വാസജീവിതത്തോട് ചേർത്തു വായിക്കേണ്ട ചോദ്യങ്ങൾ. 'വിശ്വാസം അതല്ലേ എല്ലാം' എന്ന പരസ്യവാചകത്തിൽ ആഴപ്പെട്ട ചില ദർശനങ്ങൾ കിടപ്പുണ്ട് എന്ന് തിരിച്ചറിയണം. ചില വിശ്വാസസത്യങ്ങളെ മുറുകെപിടിക്കുമ്പോഴേ ജീവിതത്തിന്റെ ചുഴിവട്ടങ്ങളെ ധ്യാനിക്കുവാനും ഉൾക്കൊള്ളുവാനും സാധിക്കൂ. കാരണം ജീവിതത്തിലേക്ക് ഇടമുറിയാതെ കടന്നുവരുന്ന സഹനങ്ങളോട് നമ്മൾ പുലർത്തുന്ന മനോഭാവം വളരെ പ്രധാനപ്പെട്ടതാണ്. ശ്രദ്ധ മരിക്കുന്നിടത്ത് അപകടം ജനിക്കും. വിശ്വാസത്തിന്റെ തിരിവെട്ടം അണഞ്ഞാൽ ക്രൈസ്തവ ജീവിതവും ശൂന്യതയായി അനുഭവപ്പെടും.

വിശ്വാസത്തിന്റെ ദൈവശാസ്ത്രം അൽഫോൻസാ പഠിപ്പിച്ചത് സഹനത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ചായിരുന്നു. സ്വന്തം ജീവിതമാകുന്ന കുരിശ് വിശ്വാസത്തോടെ ചുമന്ന് അൽഫോൻസാമ്മയും ക്രൂശിതയായി. സഹനങ്ങളായിരുന്നു ആ ജീവിതത്തിലെ ഗാഗുൽത്താ; രോഗങ്ങളായിരുന്നു അവളുടെ മരക്കുരിശ്; ആത്മാവിന്റെ ഇരുണ്ട രാത്രികളായിരുന്നു അവളുടെ കൈകളും കാലുകളും തറച്ച ആണികൾ. ഒരിക്കലും ആ കന്യക പരാതിപ്പെട്ടില്ല. പരിഭവം പറഞ്ഞില്ല. ഞെരുക്കിയ ദൗർഭാഗ്യങ്ങളിൽ ശാന്തത കൈവിട്ടുമില്ല. പീഡാസഹനത്തിലൂടെയും, കുരുശുമരണങ്ങളിലൂടെയും അവൾ ക്രിസ്തുവിനെ അന്വേഷിക്കുകയായിരുന്നു; സ്നേഹിക്കുകയായിരുന്നു. വിശ്വാസത്തിന്റെ പുലർവെട്ടം കാണാതെ തമോഗർത്തങ്ങളിൽപെട്ട് വലഞ്ഞപ്പോഴും വിശുദ്ധ ഇപ്രകാരം പ്രാർത്ഥിച്ചു: "നാഥാ എന്റെ വിശ്വാസത്തെ സഹായിക്കണമേ; വിശ്വാസത്തോടെ സഹിക്കാൻ പഠിപ്പിക്കണമേ". വിചിത്രവും വ്യത്യസ്തവുമായ സഹനങ്ങൾ അൽഫോൻസായുടെ ജീവിതത്തിൽ നിത്യേന സംഭവിച്ചിരുന്നു. എന്നാൽ എല്ലാറ്റിനെയും വിശ്വാസത്തിന്റെ അന്തർനേത്രങ്ങൾ കൊണ്ട് വിശുദ്ധ നോക്കിക്കണ്ടു. 'വിശ്വസിച്ചാൽ സഹനം ലാഭകരമാണെ'ന്ന് അവൾ തിരിച്ചറിഞ്ഞു. പാനപാത്രം വച്ചുനീട്ടുന്ന ദൈവം അത് എടുത്തുമാറ്റില്ലെന്നും എന്നാൽ സഹായത്തിന് മാലാഖയെ തരുമെന്നും അവൾ വിശ്വസിച്ചു. അത്

www.malankaralibrary.com

അവൾക്കു നീതിയായി പരിണമിച്ചു. ആറടിമണ്ണിനപ്പുറം ഒരു ജീവിതമുണ്ടെന്ന് ഏതൊരു ക്രിസ്ത്യാനിയെയും പോലെ അവളും വിശ്വസിച്ചു. പക്ഷേ, അൽഫോൻസാമ്മയ്ക്ക് അത് പുസ്തകം പകർന്ന അറിവായിരുന്നില്ല. മറിച്ച് പ്രാർത്ഥനയുടെ ഏകാന്തതയിൽ തളിരിട്ടതും സഹനങ്ങളുടെ ആധിക്യത്തിൽ വെളിപാടുപോലെ വിടർന്നു കിട്ടിയതുമായ തിരിച്ചറിവാണ്. കാണപ്പെടാത്തവ ഉണ്ടെന്ന് അവൾ വിശ്വസിച്ചു, ഒപ്പം പ്രത്യാശിക്കുന്നവ ലഭിക്കുമെന്നും (ഹെബ്രാ 11:1). എല്ലാം ദൈവം അവൾക്കു കൊടുത്തു. ഇപ്രകാരം വിശ്വാസത്തിന്റെ സ്പീഡ് ബോട്ടിൽ സഞ്ചരിച്ച അൽഫോൻസ സഹനത്തിരകളെ കീറിമുറിച്ച് നിത്യതയുടെ തീരത്തേക്ക് അതിവേഗം യാത്രചെയ്തു. യേശുവും അവളോടൊപ്പമുണ്ടായിരുന്നു. ഒളിഞ്ഞും തെളിഞ്ഞും, നിഴലായും നിറവായും.

വിശ്വാസത്തിന്റെ ഒരു പടികൂടി കടന്ന് സ്നേഹത്തിലൂടെ (ഉപവി) സഹനത്തെ അൽഫോൻസാ മഹത്വമണിയിച്ചു. മരണക്കിടക്കയിൽ ചങ്ങനാശ്ശേരി മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി പിതാവിനോട് അൽഫോൻസാമ്മ പറഞ്ഞുവത്രേ, "ഞാൻ സ്നേഹിക്കുകയാണെ"ന്ന്. ദൈവികപുണ്യങ്ങളുടെ പൂർണ്ണതയ്ക്ക് ആ ജീവിതത്തിലെ സഹനങ്ങൾ വേദിയൊരുക്കി. സഹനമായിരുന്നു അൽഫോൻസായുടെ കുറുക്കുവഴി. ആ വഴിയിലൂടെ വിശ്വാസത്തിന്റെ വെട്ടം വിതറി അവൾ നടന്നുപോയി.

നമ്മളൊക്കെ പലവിധത്തിൽ സഹിക്കുന്നവരാണ്, കുരിശിൽ കിടക്കുന്നവരാണ്. ഈ ലോകമാകുന്ന ഗാഗുൽത്തായിൽ ധാരാളം കുരിശുകൾ നാട്ടപ്പെട്ടിട്ടുണ്ട്. ഏതെങ്കിലുമൊന്നിൽ നമ്മളും കിടന്നേ പറ്റൂ. ചിലപ്പോളത് രോഗങ്ങളുടെ കുരിശാകാം, ബലഹീനതകളാവാം, ജീവിത പങ്കാളിയുടെ വിശ്വസ്തക്കുറവും വഴിവിട്ട ജീവിതവുമാവാം, മക്കളുടെ ദുശീലങ്ങളാവാം, സാമ്പത്തിക ബാധ്യതകളാവാം, സമൂഹജീവിതത്തിൽ നേരിടുന്ന കുരിശികളാവാം, ഒറ്റപ്പെടലിന്റെ നൊമ്പരങ്ങളാവാം. എല്ലാം വിശ്വാസത്തോടെ സ്വീകരിക്കുമ്പോൾ, അവയ്ക്കൊക്കെ അർത്ഥമുണ്ടെന്ന് തിരിച്ചറിയുമ്പോൾ കാഴ്ചപ്പാടുകൾ മാറും. 'ഭാരം കുറയ്ക്കണമേ എന്നല്ല തോളിന്റെ ബലം കൂട്ടണമേ' എന്നതാവണം പ്രാർത്ഥന.

*"സ്നേഹത്തിന്റെ ചിറകുകൾ*
*നിന്നെ പൊതിയുമ്പോൾ നീ വഴങ്ങിക്കൊടുക്കുക.*
*അവന്റെ ഞൊറികൾക്കുള്ളിൽ ഒളിപ്പിച്ചുവച്ച വാൾ*
*നിന്നെ മുറിപ്പെടുത്തിയാലും നീ വഴങ്ങിക്കൊടുക്കണം.*
*സ്നേഹം നിന്നോട് സംസാരിക്കുമ്പോൾ നീ വിശ്വാസമർപ്പിക്കുക*
*അവന്റെ വാക്കുകൾ നിന്റെ സ്വപ്നങ്ങളെ തല്ലിത്തകർത്താലും*
*നീ അവനെ വിശ്വസിക്കുകതന്നെ വേണം.*
*നിന്നെ കുരിശിലേറ്റുന്നപോലെതന്നെ*
*സ്നേഹം നിന്നെ കിരീടമണിയിക്കുകയും ചെയ്യും".* (ഖലിൽ ജിബ്രാൻ)

**ഫാ. മനീഷ് ഓലംകണ്ണേൽ എം.സി.ബി.എസ്**

www.malankaralibrary.com



# യോഹ. 6:1-15

ജൂലൈ 29 ഞായർ

## ഭാഷ്യം

## I. സന്ദർഭം

അടയാളങ്ങളുടെ പുസ്തകത്തിൽ (1-12) ഈശോ നടത്തുന്ന ഏറ്റവും സുദീർഘമായ പ്രഭാഷണമാണ് ആറാം അദ്ധ്യായത്തിലുള്ളത്. ഇവിടെ വി. കുർബ്ബാനയെക്കുറിച്ചുള്ള യോഹന്നാന്റെ ദൈവശാസ്ത്ര വീക്ഷണം മുഴുവനും കണ്ടെത്തുവാൻ സാധിക്കും. ആറാം അദ്ധ്യായത്തിന് പ്രധാനമായും നാല് ഭാഗങ്ങളാണുള്ളത്; (i) ഈശോ അപ്പം വർദ്ധിപ്പിക്കുന്നു (6:1-15). (ii) ഈശോ വെള്ളത്തിനുമീതെ നടന്ന് ശിഷ്യന്മാരുടെ അടുത്തെത്തുന്നു (6:16-24). (iii) വി. കുർബാനയെ ക്കുറിച്ചുള്ള പ്രഭാഷണം (6:25-59). (iv) ദിവ്യകാരുണ്യ വിശ്വാസത്തെ സംബന്ധിച്ച ഇടർച്ച (6:60-71). ഈശോ അപ്പം വർധിപ്പിക്കുന്ന ഭാഗമാണ് ഇന്നത്തെ സുവിശേഷഭാഗം.

## II. പ്രമേയം

അഞ്ച് ബാർലിയപ്പവും മീനും അയ്യായിരം പേർക്കായി വർധിപ്പിച്ചു നൽകുന്ന അത്ഭുതമാണ് ഇവിടുത്തെ പ്രമേയം. ജീവന്റെ അപ്പമായ വിശുദ്ധ കുർബ്ബാനയെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ പശ്ചാത്തലമായാണ് ഈ അത്ഭുതം പ്രവർത്തിക്കുന്നത്.

## III. സന്ദേശം

1. ജനക്കൂട്ടം അടുത്തേക്കു വരുന്നതു കാണുമ്പോൾ യേശു ചോദിക്കുന്നത് ഇവർക്ക് എങ്ങനെ ഭക്ഷിക്കാൻ കൊടുക്കുമെന്നാണ് (6:5). തന്റെ അടുത്തു വരുന്നവർക്ക് എന്ത് കൊടുക്കാനാവുമെന്നാണ് യേശു ചിന്തിക്കുന്നത്. അല്ലാതെ, അവരിൽ നിന്ന് എന്ത് നേടാമെന്നല്ല. നിന്റെ പ്രിയർക്കും നിന്റെ ചുറ്റുമുള്ളവർക്കും എന്ത് കൊടുക്കാമെന്നായിരിക്കണം നിന്റെ ചിന്ത. അത്തരമൊരു മാനസിക ഭാവത്തിൽ മാത്രമേ നീ യഥാർത്ഥ ക്രിസ്തുശിഷ്യനായി ത്തീരുകയുള്ളൂ.

2. പീലിപ്പോസ് പറയുന്നത് 200 ദനാറയ്ക്കുള്ള അപ്പംപോലും തികയില്ല എന്നാണ് (6:7). അവന്റെ കണക്കുകൂട്ടൽ ശരിയാണുതാനും. എന്നാൽ കൃത്യമായ ആ കണക്കുകൂട്ടലാണ് പിന്നീട് തെറ്റുന്നത്. നിന്റെ ലോജിക്കും, ന്യായവും, ബുദ്ധിയും എപ്പോഴും ശരിയാകണമെന്നില്ല. നിന്റെ കണക്കുകൂട്ടലിന് അപ്പുറത്ത് പ്രവർത്തിക്കാൻ കഴിവുള്ളവനാണ് തമ്പുരാൻ. അതിനാൽ ന്യായമായ കണക്കുകൂട്ടലോടെ ജീവിക്കുമ്പോഴും കൂടെയുള്ള തമ്പുരാന്റെ ശക്തിയിൽ വിശ്വസിക്കാൻ നിനക്ക് കഴിയണം.

www.malankaralibrary.com

3. ഭക്ഷിച്ചു കഴിയുമ്പോൾ ഈശോ നിർദ്ദേശിക്കുന്നത്, മിച്ചമുള്ളത് നഷ്ടപ്പെടാതെ ശേഖരിക്കാനാണ് (6:12). സമൃദ്ധിയും ധാരാളിത്തവും ഉണ്ടാകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യമാണിത്– നഷ്ടപ്പെടാതെ ശേഖരിക്കുക. നിന്റെ സമൃദ്ധിയുടെ നടുവിൽ നീ വെറുതെ ഒന്നും നഷ്ടപ്പെടുത്തരുത്; മറിച്ച് മിച്ചമുള്ളതെല്ലാം ശേഖരിക്കുകയും അടുത്ത വിതരണത്തിനായി സൂക്ഷിക്കുകയും വേണം.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: സംതൃപ്തർ

വിളക്കിന് സമീപമായിരിക്കുന്നതിനേക്കാൾ ഗുരുവിനോടൊപ്പം ഇരുട്ടിലായിരിക്കാനാണ് എനിക്കിഷ്ടം

വായിച്ചിരിക്കേണ്ടതെന്നൊന്നും പറയുന്നില്ല. സുന്ദരമായ നോവലാണ് ഹെർമൻ ഹെസ്സയുടെ 'നാർസിസൂസും ഗോൾഡ്മൺഡും'. ലോകസുഖങ്ങൾക്കു പിന്നാലെ, അസംതൃപ്ത ചോദനയോടെ അലയുന്നവനാണ് ഗോഡ്മൺഡ്. ലിഡിയ, അഗ്നസ്, ലെയ, ജൂലി, റെബേക്ക, ലെന ഇങ്ങനെ അവിരാമം തുടരുകയാണ് ഇയാളുടെ ജീവിതത്തിലെ സ്ത്രീകളുടെ എണ്ണം. ചില മുഖങ്ങളൊക്കെ ഓർത്തെടുക്കാനുള്ള വിഫലശ്രമവും ഇയാളുടെ ഭാഗത്തു നിന്നുണ്ടാവുന്നുണ്ട്. മരണത്തോടടുക്കുമ്പോഴും തൃപ്തനാവുന്നില്ല ഗോൾഡ്മൺഡ്. നാർസിസൂസ്, ആശ്രമത്തിന്റെ ചുവരുകൾക്കുള്ളിൽ തന്നെത്തന്നെ നിയന്ത്രിക്കുകയാണ് സംതൃപ്തിയോടെ, മഠാധിപനാകുന്നതിനായി. ഇവർ രണ്ടും നമ്മുടെ ഉള്ളിലെ വ്യത്യസ്തനിഴലുകളാണ്.

അസംതൃപ്തി ആദിയിലേ ഉണ്ട്. ആദ്യതെറ്റിന് ജന്മം നൽകുന്നതു ഹവ്വായാണ്. അസംതൃപ്തിയാണ് അവൾ ഗർഭം ധരിക്കുന്നത്. മാനുഷികതയിൽ സന്തുഷ്ടയാവാതെ അവൾ ദൈവത്തെപ്പോലെയാവാൻ ആഗ്രഹിക്കുന്നു.

കാൽക്കീഴിലെ ഭൂമിയും കൺവെട്ടത്തെ ആകാശവും ആസ്പദമാക്കിയുള്ള നൊമാഡിക് ജീവിതത്തിന് വിരാമം കുറിച്ച്, മനുഷ്യൻ കൂടാരം കെട്ടിപ്പാർക്കുന്ന കാലം. നദീതടങ്ങളിലെ മണ്ണിൽ കൃഷിയിറക്കിയവർ ബാക്കി വന്ന ധാന്യങ്ങൾ ശേഖരിക്കണമെന്ന് പഠിക്കുന്നു. നൊമാഡിക് ജീവിതത്തിൽ തുടരുന്ന മറ്റൊരുകൂട്ടർ ഇവരുടെ കലവറകളെ ലക്ഷ്യം വയ്ക്കുന്നു. അങ്ങനെ ആദ്യയുദ്ധം അരങ്ങേറി. ബൈബിളിലെ കൃഷിക്കാരനായ കായേന്റെയും ആടുകളെ മേയ്ച്ചുനടന്ന ആബേലിന്റെയും പോര് അസംതൃപ്തരായ ഒരു കൂട്ടർ മറ്റൊരു ഗോത്രത്തിനോട് നടത്തുന്ന യുദ്ധമായി വേണം കാണാൻ.

സ്ത്രീ ശരീരത്തിനു പിന്നാലെ അസംതൃപ്തരായി പാഞ്ഞു നടന്ന ഒരു പറ്റം ആൾക്കാരുണ്ട് ചരിത്രത്തിൽ. ഈജിപ്ഷ്യൻ സുന്ദരി ക്ലിയോപാട്രക്കു വേണ്ടിയുള്ള യുദ്ധം വിസ്മരിക്കരുത്. ഇന്ത്യയിലെ നാട്ടുരാജാക്കന്മാർ തമ്മിലുള്ള യുദ്ധവും ഏറെക്കുറെ സ്ത്രീ ശരീരത്തിനുവേണ്ടിയായിരുന്നു. ആനന്ദ് ഇതിന്റെ ചില വിവരണങ്ങൾ നൽകുന്നുണ്ട്. നാട്ടുരാജാക്കന്മാർ യുദ്ധത്തിനു പോകുമ്പോൾ അന്തഃപുരം കാത്തുസൂക്ഷിക്കാൻ വിശ്വസ്തരായ കുറെ

www.malankaralibrary.com

ഭടന്മാരെ ഭരമേൽപ്പിക്കും. രാജാവ് വധിക്കപ്പെട്ടുവെന്ന് അറിവുകിട്ടിയാൽ ഭടന്മാർ രാജാവിന്റെ പത്നിമാരെയും സ്ത്രീകളെയും വാളിനിരയാക്കും. മാത്ര മല്ല, ഓരോ സ്ത്രീക്കും ആത്മാഹൂതി ചെയ്യുന്നതിനായ് വലിയ കിണറുകൾ കുഴിച്ചിട്ടിട്ടുണ്ട്. ശത്രുസൈന്യം അന്തഃപുരം കീഴടക്കുന്നതിനു മുമ്പേ സ്ത്രീ കൾ ഈ കിണറുകളിൽ ചാടി ചാവുമത്രേ.

ജ്ഞാനമുണ്ടായിരുന്നു സോളമന്. പക്ഷേ, ജ്ഞാനം അവനെ വിവേകത്തി ലേക്കു നയിച്ചില്ല. അവന് എഴുന്നൂറ് ഭാര്യയും മുന്നൂറ് ഉപനാരികളുമുണ്ടാ യിരുന്നു. സമ്പത്തും ഐശ്വര്യവും ദൈവം നൽകി. ആദ്യദേവാലയം പണികഴി പ്പിക്കുവാൻ ദൈവം അവനെയാണ് നിയോഗിച്ചത്. എന്നിട്ടും ഒടുങ്ങാത്ത നാരീദാഹം അവനെ തകർത്തുകളഞ്ഞു. ക്രിസ്തുവിനു മുമ്പ്, ലോകം മുഴു വൻ അധീനപ്പെടുത്തുവാൻ ഇറങ്ങിത്തിരിച്ച അലക്സാ ണ്ടറിന്റേയും, നെപ്പോ ളിയന്റെയും പടയോട്ടവഴികളിൽ ചിതറിവീണ കബന്ധങ്ങളൊന്നും ഒരു അശോകനെയൊഴികെ മറ്റാരെയും മാനസാന്തരപ്പെടുത്തിയിട്ടില്ല. അവരുടെ ആയുധങ്ങളിൽ ഇപ്പോഴും നിണം കിനിയുന്നു. എന്തിനുവേണ്ടിയായിരുന്നു ഈ പടയോട്ടങ്ങളൊക്കെ? അവസാനം പോരാട്ടങ്ങളൊക്കെ ആറടിമണ്ണിൽ വിരാമം കൊള്ളുമ്പോഴേ നമ്മൾ ഗണിക്കൂ നിരർത്ഥകമെന്ന്.

ഈ ലോകത്തിൽ എല്ലാവരും അസംതൃപ്തരാണ്. തൃപ്തമല്ലാത്ത മനവു മായി യയാതിയുണ്ട് പുരാണത്തിൽ. വൃദ്ധിയിലും സംതൃപ്തമാകാതെ തന്റെ ജരാനരകൾക്കു പകരം പുത്രന്റെ യൗവനം ഇരക്കുന്നു. പടയോട്ടങ്ങളും അധിനിവേശങ്ങളും ഉണ്ടാകുന്നത് അസംതൃപ്തമായ ഹൃത്തിലാണ്. ഇവർ ഉള്ളിൽ ഹൃദയം അസ്തമിച്ച് പോയവരാണ്. കള്ളവും ചതിയുമില്ലയെന്നതിന്റെ പൊരുൾ ഏവരും സന്തുഷ്ടരായിരുന്നു എന്നു തന്നെയാണ്. മരുഭൂവിലെ പൊരിയുന്ന പശിയിലും ക്രിസ്തു സംതൃപ്തനായിരുന്നു. അതുകൊണ്ടാണ്, കല്ലുകളെ അപ്പമാക്കാതിരുന്നത്. വിശന്നും ദാഹിച്ചും ആർത്തരും ആലംബ ഹീനരുമായ ഒരു ജനക്കൂട്ടം അവനെ തേടിയെത്തി. ആദ്യം അവൻ അവർക്ക് വചനം വിളമ്പി. പിന്നീട്, അവരുടെ കൈവശമുണ്ടായിരുന്ന അഞ്ച് അപ്പവും മീനും വർദ്ധിപ്പിച്ചുകൊടുത്തു. അവരെല്ലാവരും ഭക്ഷിച്ച് തൃപ്തരായി. അവൻ വീണ്ടും അപ്പം വർദ്ധിപ്പിച്ചപ്പോൾ ഇങ്ങനെ രേഖപ്പെടുത്തുന്നു: “ഭക്ഷിച്ച് തൃപ്തരായി, ശേഷിച്ച കഷണങ്ങൾ ഏഴ് കുട്ട നിറയെ ശേഖരിച്ചു”. സംതൃപ്തി ദൈവത്തിനുമാത്രമേ നൽകാൻ കഴിയൂ. ക്രിസ്തുവിലാണ് എല്ലാ തൃഷ്ണകളും സംതൃപ്തമാക്കപ്പെടുന്നത്. ഹേഗലിന്റെ വാക്കുകൾ ശ്രദ്ധിക്കൂ: “ആദ്യം ഭക്ഷണവും പാനീയവും അന്വേഷിച്ചവരെയാണ് നമ്മൾ ചരിത്രത്തിൽ മുഖാമുഖം കണ്ടത്. ക്രിസ്തു പറയുമ്പോൾ അനുസരിക്കാതെ നിർവാഹ മില്ല. “ആദ്യം എന്റെ രാജ്യവും നീതിയും അന്വേഷിക്കുക. ബാക്കിയെല്ലാം നിങ്ങൾക്ക് നൽകപ്പെടും”. സംതൃപ്തിയോടെ അവന്റെ മുഖത്ത് മിഴിയുറപ്പിച്ച് പാദചാരെ അവനെ ശ്രവിച്ച്, നിശ്ചലയായിരുന്ന മേരി എന്ന പെൺകുട്ടിയിൽ നിന്ന് നമ്മൾ ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

**ഫാ. സെബാസ്റ്റിൻ തോബിയാസ്**

www.malankaralibrary.com



# യോഹ. 6:24-35

ആഗസ്റ്റ് 5 ഞായർ

## ഭാഷ്യം

## I. സന്ദർഭം

അടയാളങ്ങളുടെ പുസ്തകത്തിൽ (1-12) ഈശോ നടത്തുന്ന ഏറ്റവും സുദീർഘമായ പ്രഭാഷണമാണ് ആറാം അദ്ധ്യായത്തിലുള്ളത്. ഇവിടെ വി. കുർബ്ബാനയെക്കുറിച്ചുള്ള യോഹന്നാന്റെ ദൈവശാസ്ത്ര വീക്ഷണം മുഴുവനും കണ്ടെ ത്തുവാൻ സാധിക്കും. ആറാം അദ്ധ്യായത്തിന് പ്രധാനമായും നാല് ഭാഗങ്ങളാണുള്ളത്; (i) ഈശോ അപ്പം വർദ്ധിപ്പിക്കുന്നു (6:1-15). (ii) ഈശോ വെള്ളത്തിനുമീതെ നടന്ന് ശിഷ്യന്മാരുടെ അടുത്തെത്തുന്നു (6:16-24). (iii) വി. കുർബാനയെക്കുറിച്ചുള്ള പ്രഭാഷണം (6:25-59). (iv) ദിവ്യകാരുണ്യ വിശ്വാസത്തെ സംബന്ധിച്ച ഇടർച്ച (6:60-71). ഇന്നത്തെ സുവിശേഷം വി. കുർബാന യെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ ആദ്യഭാഗമാണ്.

## II. പ്രമേയം

യേശു അപ്പം വർദ്ധിപ്പിച്ച് ജനങ്ങളെ തീറ്റിപ്പോറ്റിയതിന്റെ പിറ്റേന്ന് അവരിൽ ചിലർ യേശുവിനെ അന്വേഷിച്ച് ചെല്ലുന്നു. അപ്പോൾ യേശു അവർക്ക് വി. കുർബാനയിലൂടെ തന്നെത്തന്നെ ശരീരരക്തങ്ങളായി നൽകുന്നു എന്ന് പഠിപ്പിക്കുന്നു. യേശുവാണ് സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിയ ജീവനുള്ള അപ്പ മെന്ന് വിശ്വസിക്കുകയും അവനെ സ്വീകരിക്കുകയും ചെയ്യുന്നവർക്കാണ് നിത്യജീവൻ ഉണ്ടാകുന്നത്.

## III. സന്ദേശം

1. "അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതു കൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്" (6:26). അപ്പത്തിൽ നിന്ന് അടയാളത്തിലേക്ക് ശ്രദ്ധ മാറ്റാനാണ് യേശുവിന്റെ ആഹ്വാനം. നിന്റെ ജീവിതത്തിലെ ഏതു കാര്യത്തെയും അപ്പമായും അടയാളമായും കാണാൻ പറ്റും. വിശപ്പകറ്റുന്ന വെറും അപ്പമായി മാത്രം കാണുമ്പോൾ നീ അതിന്റെ ഭൗതികാ ർത്ഥം മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ എന്നു വരുന്നു! എന്നാൽ നിന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളെയും അടയാളങ്ങളായി കാണാൻ പറ്റും. ഓരോന്നും സംഭവിക്കുന്നത് ദൈവത്തിന്റെ പദ്ധതി പ്രകാരമാണ്. ഓരോന്നി നും പിറകിൽ ദൈവത്തിന് ഓരോ ലക്ഷ്യങ്ങളുണ്ട്. അടയാളങ്ങളായി കാണാ നാകുമ്പോഴാണ് നീ ദൈവികപാതയിലാകുന്നത്.

2. അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ നിത്യജീവന്റെ അനശ്വരമായ

www.malankaralibrary.com

അപ്പത്തിനുവേണ്ടി അധ്വാനിക്കാനാണ് യേശു പഠിപ്പിക്കുന്നത് (6:27). നിന്റെ അധ്വാനങ്ങൾ ഭൂരിഭാഗവും എന്തിനുവേണ്ടിയാണ്? നശ്വരമായ അപ്പക്കഷ്ണങ്ങൾക്കുവേണ്ടിയാണോ? എങ്കിൽ അവയൊന്നും മരണത്തിനപ്പുറത്തേക്ക് നിനക്ക് കൂടെ കൊണ്ടുപോകാനാകില്ലെന്ന് നീ തിരിച്ചറിയണം. മരണത്തോടെ അവയുടെയൊക്കെ പ്രാധാന്യം അവസാനിക്കും. മരണത്തിനപ്പുറത്തേക്കു നീണ്ടു നിൽക്കുന്ന അപ്പത്തിനുവേണ്ടി കൂടിയാകണം നിന്റെ അധ്വാനങ്ങൾ. എങ്കിലേ നിന്റെ നിത്യജീവിതം ഭാസുരമാകൂ. നിന്റെ പ്രിയരുടെ സന്തോഷം വർധിപ്പിക്കാനും, ആകുലരോടു കാരുണ്യം കാട്ടാനും, നിസ്സഹായരെ സഹായിക്കാനും നീ അധ്വാനിക്കുമ്പോൾ, നിന്റെ അധ്വാനങ്ങൾ അനശ്വരമായ നിത്യജീവന് വേണ്ടിയാകും.

3. "ഞങ്ങൾ വിശ്വസിക്കേണ്ടതിന് എന്തടയാളമാണ് നീ ചെയ്യുക" (6:30). ഇതാണ് യേശുവിനോടുള്ള ചോദ്യം. അടയാളം കണ്ടിട്ടു വിശ്വസിക്കാനിരുന്നവരായിരുന്നു അവർ. എന്നാൽ ഒരടയാളവും കിട്ടാതിരിക്കുമ്പോഴും വിശ്വാസമർപ്പിക്കാനാവുന്നവനാണ് യഥാർത്ഥ വിശ്വാസി; അവനാണ് യഥാർത്ഥ ഭക്തൻ. അതിലുപരിയായിട്ട് എതിർ അടയാളങ്ങൾ ഉണ്ടാകുമ്പോഴും തമ്പുരാനിൽ വിശ്വാസം അർപ്പിക്കാനാകുമ്പോഴാണ് നീ ആഴമുള്ള വിശ്വാസിയാകുന്നത്. എല്ലാ പ്രതിസന്ധികളിലും നീ ദൈവത്തിൽ വിശ്വാസമർപ്പിക്കുക.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: ഉറവിടത്തിലേക്കൊരു യാത്ര

*"അറിയുന്ന വിശപ്പ് ശരീരത്തിന്റേതാണ്.*
*അനന്തമായ വിശപ്പ് ആത്മാവിന്റേതും"*

ദൈവം മനുഷ്യനെ അനശ്വരതയ്ക്കുവേണ്ടി സൃഷ്ടിച്ചു. തന്റെ അനന്തതയുടെ സാദൃശ്യത്തിൽ നിർമ്മിച്ചു (ജ്ഞാനം 2:23). ആത്മീയമായ അന്വേഷണങ്ങൾ പോലും ശരീരത്തിൽ അവസാനിക്കാനുള്ള അപകട സാദ്ധ്യതയുണ്ട്. ഭക്ഷിച്ചുതൃപ്തരാകുവോളം അപ്പം നൽകിയ ക്രിസ്തുവിനെത്തേടി ജനക്കൂട്ടം എത്തിച്ചേരുന്നത് അവൻ കൃതജ്ഞതാസ്ത്രോത്രം ചെയ്തു നൽകിയ അപ്പം ഭക്ഷിച്ച അതേ സ്ഥലത്തേക്കു തന്നെയാണ് (യോഹ. 6:23). എന്നാൽ ക്രിസ്തു മറുകരയിലെത്തിച്ചേർന്നിരുന്നു. നശ്വരമായ അപ്പം വിളമ്പിയവൻ അതിന്റെ മറുകരയായ അനശ്വരതയിലേക്ക് മിഴിയുയർത്താൻ അവരെ ക്ഷണിക്കുകയായിരുന്നു. എല്ലാ ഭൗതികനേട്ടങ്ങളും ആത്മീയതയുടെ മറുകരയെത്താനുള്ള വഴിവെട്ടമാവണം. നിന്റെ ദൈവാന്വേഷണങ്ങൾ എവിടെയെത്തി നിൽക്കുന്നുവെന്ന ചോദ്യം തെളിഞ്ഞു നിൽപ്പുണ്ട്.

ദൈവാന്വേഷണത്തിന്റെ വ്യത്യസ്തതലങ്ങൾ സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. പുരോഹിതൻ തന്റെ കരങ്ങളിലുയർത്തിയ അപ്പത്തെ നോക്കി "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" എന്നുരുവിടുന്ന വചനങ്ങൾ ആദ്യം മൊഴി

www.malankaralibrary.com

ഞ്ഞത് സ്നാപകയോഹന്നാനാണ്. അവന്റെ രണ്ടു ശിഷ്യന്മാർ ക്രിസ്തുവിനെ അനുഗമിക്കുന്നു. ക്രിസ്തുവിന്റെ ചോദ്യം "നിങ്ങൾ എന്തന്വേഷിക്കുന്നു" വെന്നാണ് (യോഹ. 1:38). അവൻ വസിക്കുന്ന ഇടത്തെക്കുറിച്ച് ചോദിക്കുമ്പോൾ "വന്നു കാണുക" എന്ന് അവന്റെ ക്ഷണം. അവനോടൊപ്പം വസിച്ച രണ്ടുപേരിൽ ഒരുവനായ അന്ത്രയോസ് തന്റെ സഹോദരനായ ശിമയോനോട് തങ്ങൾ "ക്രിസ്തു"വിനെ കണ്ടു എന്നാണ് പറയുന്നത്. ക്രിസ്തുവിന്റെ ശാരീരിക സാന്നിദ്ധ്യം കൊണ്ട് ശിഷ്യന്മാർക്ക് ആദ്യദൈവാനുഭവം.

എമ്മാവൂസിലേക്ക് പോകുന്ന രണ്ട് ശിഷ്യന്മാർ സന്ധ്യയുടെ യാമത്തിൽ അവനെ നിർബന്ധിക്കുകയാണ് "ഞങ്ങളോടുകൂടെ താമസിക്കുക". അവനോടൊപ്പം ഭക്ഷണത്തിനിരിക്കവേ അപ്പം മുറിക്കപ്പെടുമ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുന്നു. അവൻ അപ്രത്യക്ഷനാകുന്നു. ആത്മീയസാന്നിദ്ധ്യം കൊണ്ട് ശിഷ്യന്മാർക്ക് ആദ്യദിവ്യകാരുണ്യാനുഭവം. അവർ തിരികെ ജറുസലേമിലെത്തി മറ്റു ശിഷ്യന്മാരോട് പറയുന്നത് "കർത്താവു സത്യമായും ഉയിർത്തെഴുന്നേറ്റു"വെന്നാണ്. ശരീരത്തിന്റെ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്ന ദൈവാനുഭവങ്ങളിൽ നിന്ന് ആത്മാവിന്റെ ദാഹം ശമിപ്പിക്കുന്ന ദൈവികാനുഭവത്തിലേക്കാണ് ക്രിസ്തു ക്ഷണിക്കുന്നത്.

അനശ്വരമായ അപ്പത്തെക്കുറിച്ച് പ്രബോധിപ്പിച്ചു തുടങ്ങുന്നതിനു മുമ്പ് ക്രിസ്തു അവരുടെ നശ്വരമായ വിശപ്പ് ശമിപ്പിച്ചു. എന്നാൽ അനശ്വരതയെക്കുറിച്ച് അവൻ സംസാരിച്ചു തുടങ്ങിയപ്പോൾ പന്ത്രണ്ടു പേരൊഴികെ മറ്റെല്ലാവരും "ഈ വചനം കഠിനമാണ്" എന്നുചൊല്ലി അവനെ കൈവെടിയുകയാണ്. ഇതിന്റെ തുടർച്ചയെന്നപോലെ അന്ത്യഅത്താഴവേളയിൽ അവൻ വ്യക്തമായി ഉപമകൾ കൂടാതെ സംസാരിക്കുമ്പോൾ അവനിൽ നിന്ന് ആദ്യം അപ്പം സ്വീകരിച്ച യൂദാസ് പുറത്തേക്ക് പോകുന്നു. നശ്വരതക്കുവേണ്ടി മാത്രം ദൈവത്തെ തേടുന്നവരുടെ പ്രതിനിധി.

ജീവന്റെ അപ്പമായ ക്രിസ്തുവിന്റെ വചനം ആഴത്തിൽ സ്പർശിച്ച പത്രോസ് പറഞ്ഞു. ഗുരോ! നിത്യജീവന്റെ വചസ്സുള്ള നിന്നെ വിട്ട് ഞങ്ങൾ മറ്റെവിടെപ്പോകും? വളരെ പ്രതീകാത്മകമായ വിധത്തിൽ തിരുവത്താഴവേളയിൽ അവന്റെ മാറിൽ ചാരിക്കിടന്ന് വചനം ശ്രവിച്ച യോഹന്നാൻ കുരിശുമരണത്തോളം അവന്റെ പദചലനങ്ങൾക്കൊപ്പം സഞ്ചരിക്കുന്നു. നിത്യതയുടെ സ്പർശം തൊട്ടറിയുന്നവരുടെ പ്രതിപുരുഷൻ.

ദൈവം തങ്ങളെ സ്നേഹിച്ചുവെന്ന് ഇസ്രയേൽ തിരിച്ചറിയുന്നത് അടയാളം മരുഭൂമിയിൽ മന്നപൊഴിച്ച് ദൈവം അവരുടെ വിശപ്പ് ശമിപ്പിച്ചപ്പോഴാണ്. അതിനു വഴിതെളിച്ച മോശയെ പുകഴ്ത്തിക്കൊണ്ട് അവർ ക്രിസ്തുവിനോട് ചോദിച്ചു: നീ എന്ത് അടയാളമാണ് പ്രവർത്തിക്കുക? കൈവഴിയിൽ നിന്ന് ഉറവയിലേക്ക് നിന്റെ യാത്രകൾ വഴിതിരിച്ചുവിടണമെന്ന സൂചന നൽകിക്കൊണ്ട് ദൈവം സ്നേഹത്തിന്റെ അംഗീകാരമുദ്ര (6:27) പതിച്ച തന്നിൽ

*......ശേഷം പേജ് 18-ൽ*

www.malankaralibrary.com



# യോഹ. 6:41- 51

ആഗസ്റ്റ് 12 ഞായർ

## ഭാഷ്യം

### I. സന്ദർഭം

അടയാളങ്ങളുടെ പുസ്തകത്തിൽ (1-12) ഈശോ നടത്തുന്ന ഏറ്റവും സുദീർഘമായ പ്രഭാഷണമാണ് ആറാം അധ്യായത്തിലുള്ളത്. ആറാം അധ്യായത്തിന് പ്രധാനമായും നാല് ഭാഗങ്ങളാണുള്ളത് : 1) ഈശോ അപ്പം വർദ്ധിപ്പിക്കുന്നു (6:1-15); 2) ഈശോ വെള്ളത്തിനു മീതെ നടക്കുന്നു (6:16-24); 3) വി. കുർബാനയെക്കുറിച്ചുള്ള പ്രഭാഷണം (6;25-59) 4) ദിവ്യകാരുണ്യവിശ്വാസത്തെ സംബന്ധിച്ച ഇടർച്ച (6:60-71). വി. കുർബാനയെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ തുടർ ഭാഗമാണ് ഇന്നത്തെ സുവിശേഷഭാഗം.

### II. പ്രമേയം

യേശു സ്വർഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാണെന്ന് പഠിപ്പിക്കുന്നു. യഹൂദർക്കത് സ്വീകരിക്കാനാവുന്നില്ല. അതേ തുടർന്ന് യേശു വീണ്ടും താൻ ജീവദായകമായ അപ്പമാണെന്ന് പഠിപ്പിക്കുന്നു. മന്നാ ഭക്ഷിച്ചവർ മരിച്ചു, പുതിയ അപ്പം ഭക്ഷിക്കുന്നവർ മരിക്കുകയില്ല. ലോകത്തിന്റെ ജീവനുവേണ്ടി യേശു തരുന്ന അപ്പം അവന്റെ ശരീരം തന്നെയാണ്.

### III. സന്ദേശം

1. യേശുവിനെ ജോസഫിന്റെ മകനായാണ് യഹൂദർ കാണുന്നത് (6:42). എന്നാൽ യേശു കാണുന്നത് സ്വർഗീയ പിതാവിന്റെ മകനായിട്ടാണ് (6:41,44). ഭൗമിക മാതാപിതാക്കളുടെ മകനായി/മകളായി നിനക്ക് സ്വയം കാണാനാവും. എന്നാൽ അതിലപ്പുറം നിനക്ക് കാണാൻ സാധിക്കുന്നുണ്ടോ? തമ്പുരാന്റെ മകനായി/മകളായി സ്വയം കാണാനും, തമ്പുരാൻ പരിപാലിക്കുന്നത് അനുദിനം അനുഭവിക്കാനും നിനക്ക് സാധിക്കുന്നുണ്ടോ? ദൈവികബന്ധത്തിൽ നിന്നെത്തന്നെ കാണാനും നിലനിർത്താനും സാധിക്കുന്നിടത്താണ് നീ ക്രിസ്തുശിഷ്യനായി മാറുന്നത്.

2. "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (6:51). നിന്റെ പ്രിയർക്ക് ജീവനുണ്ടാകാൻ നീ കൊടുക്കേണ്ടത് നിന്റെ ശരീരവും ജീവനും തന്നെയാണ്. കുടുംബജീവിതത്തിൽ സംഭവിക്കുന്നത് ഇതാണ്. രണ്ടുപേർ പരസ്പരം ശരീരം കൊടുക്കുമ്പോൾ പുതിയൊരു ജീവനുണ്ടാകുന്നു. അതിലുമുപരി, ശരീരവും രക്തവും കൊടുക്കുമ്പോൾ നിത്യജീവൻ ഉളവാകുമെന്നാണ് യേശു പഠിപ്പിക്കുന്നത് (6:53). ശരീരവും രക്തവുമെ

www.malankaralibrary.com

ന്നാൽ നിന്റെ ജീവൻ തന്നെ. നിന്റെ ജീവൻ മറ്റുള്ളവർക്ക് കൊടുക്കുമ്പോൾ ഉളവാകുന്നത് നിത്യജീവനാണ്– നിന്റെയും നിന്റെ പ്രിയപ്പെട്ടവരുടെയും.

3. വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് (6:47). വിശ്വാസമാണ് നിന്നിൽ ജീവൻ ജനിപ്പിക്കുന്നത്; ആഴമായ വിശ്വാസമാണ് അതിനെ നിത്യജീവനാക്കി രൂപാന്തരപ്പെടുത്തുന്നത്. അതിനാൽ നിന്റെ വിശ്വാസത്തിന്റെ തലങ്ങളെ നീ വളർത്തിയെടുക്കുക. തമ്പുരാനിലുള്ള നിന്റെ വിശ്വാസം നീ ബലപ്പെടുത്തണം. അവൻ നിന്റെ കൂടെയുണ്ടെന്നും അവൻ നിന്നെ പരിപാലിക്കുമെന്നുമുള്ള വിശ്വാസം. അതോടൊപ്പം, നിന്റെ കൂടെയുള്ളവരിലുമുള്ള വിശ്വാസം നീ ശക്തിപ്പെടുത്തണം. ഇതു രണ്ടും വളരുമ്പോൾ നിന്റെ ആത്മവിശ്വാസവും വർധിക്കും. അങ്ങനെ നിന്നിൽ ജീവൻ സമൃദ്ധിപ്പെടും; അത് നിത്യജീവനായി വളർന്നു കയറും.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: നിത്യജീവൻ നല്കുന്ന ഔഷധം

മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം (യോഹ,6:50) ക്രിസ്തുവാണ്. ഒരോ ദിവസവും വിശുദ്ധ കുർബാനയിൽ നാം അത് പ്രഘോഷിക്കുന്നുണ്ട്. ഭക്ഷണമാണ് ജീവൻ നിലനിർത്തുന്നത്. ഭൗതികമായ ഭക്ഷണം ശാരീരികമായ ജീവൻ നിലനിർത്തുമെങ്കിൽ ആത്മീയമായ ഭക്ഷണം നിത്യജീവൻ നൽകുന്നു. "ഇവർക്ക് ഭക്ഷിക്കാൻ എവിടെ നിന്നും അപ്പം വാങ്ങും (യോഹ: 6:5)? യേശുവിന്റെ ചോദ്യം കേട്ട് അന്തിച്ചു നിന്ന ശിഷ്യരോട് യേശു പറഞ്ഞു: "ആളുകളെയെല്ലാം ഭക്ഷണത്തിനിരുത്തുവിൻ. ശിഷ്യൻമാർ അവരെ ഇരുത്തി.

ഇന്നും യേശുവിന്റെ ആധുനിക ശിഷ്യരോട് അവിടന്ന് ആവശ്യപ്പെടുന്നത് സ്വർഗ്ഗീയ ഭോജ്യമായ യേശുവിനെ സ്വീകരിക്കാൻ ആളുകളെ ഒരുക്കാനാണ്. എല്ലാവരും സ്വർഗ്ഗീയ പിതാവിനാൽ യേശുവിലേക്ക് അടുക്കുവാൻ അവരെ ഒരുക്കേണ്ട ചുമതല നമ്മൾ ഓരോരുത്തരുടേതുമാണ്.

ഇന്ന് വിശപ്പ് വയറിനു മാത്രമല്ല, സ്നേഹത്തിനും, കാരുണ്യത്തിനും, ദയക്കും വേണ്ടിയുള്ള വിശപ്പാണ്. ഈ വിശപ്പ് ശമിക്കണമെങ്കിൽ ദിവ്യ ഭോജനമായ യേശുവിനെ നാം ആദ്യം സ്വീകരിക്കണം. നമ്മിൽ ക്രിസ്തു ഉണ്ടെങ്കിലേ മറ്റുള്ളവർക്കു നൽകാൻ കഴിയൂ. ദേവാലയ കവാടത്തിനു മുന്നിൽ ഭിക്ഷ യാചിച്ചിരുന്ന യാചകന് പത്രോസ് കൊടുത്തത് യേശുവിനെയാണ്. 'വെള്ളിയോ, സ്വർണ്ണമോ എന്റെ കൈയിലില്ല. എനിക്കുള്ളത് ഞാൻ തരുന്നു. ക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക. (അപ്പോ 3:12)'. ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ  അവന്റെ പാദങ്ങളും കണങ്കാലുകളും ബലം പ്രാപിച്ചു. അവൻ ചാടി എഴുന്നേറ്റു നടന്നു.

രാജാക്കന്മാരുടെ ഒന്നാം പുസ്തകം 19–ാം അദ്ധ്യായം. തളർന്ന് കിടന്നുറങ്ങിയ ഏലിയാ പ്രവാചകനെ തട്ടിയുണർത്തി ദൈവത്തിന്റെ ദൂതൻ പറയുന്നു.

www.malankaralibrary.com

"എഴുന്നേറ്റു ഭക്ഷിക്കുക. അല്ലെങ്കിൽ യാത്രദുഷ്ക്കരമാകും (1 രാജ 19:6-8)". വിശുദ്ധ കുർബാനയുടെ പ്രതീകമാണ് ഏലിയ ഭക്ഷിച്ച അപ്പം. ബലം പ്രാപിക്കാൻ, യാത്ര ദുഷ്ക്കരമാകാതിരിക്കാൻ, തളർന്നുപോകാതിരിക്കാൻ യേശുവിനെ സ്വീകരിക്കണം.

നമ്മുടെ ജീവിതയാത്രയിൽ നമ്മൾ തളർന്നു പോകാതിരിക്കാൻ ദൈവം നമുക്കായി മുറിച്ച് നൽകുന്ന ദിവ്യഭോജ്യമാണ് വിശുദ്ധ കുർബാന. അതുകൊണ്ട് വളരെയധികം വിശുദ്ധിയോടും ശ്രദ്ധയോടും കൂടി വേണം നമ്മൾ അത് സ്വീകരിക്കാൻ. സ്വാർത്ഥതയും, വിദ്വേഷവുമൊക്കെ മനസിൽവെച്ച് ക്രിസ്തുവിനെ നമ്മൾ സ്വീകരിക്കരുത്. അങ്ങനെ സ്വീകരിച്ചാൽ ആ വിരുന്ന് അനുഭവമായി മാറില്ല.

ജറുസലേം ദേവാലയത്തിലേക്ക് വന്ന യേശുവിനെ കൈയിലുള്ളതെല്ലാം വഴിയിൽ വിതറി സ്വീകരിച്ചവരെപ്പോലെ നമ്മളെയും, നമുക്കുള്ളതും പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് വേണം യേശുവിനെ സ്വീകരിക്കാൻ. കർത്താവിന് ബലിയർപ്പിക്കാൻ ഒരുങ്ങുന്ന ദാവീദ് രാജാവിനോട് അരവ്നാ എന്ന ധനികൻ ബലിയർപ്പണത്തിനുള്ള വസ്തുക്കൾ സംഭാവനയായി നൽകാൻ ഒരുങ്ങുന്നുണ്ട്. ഇവിടെ ദാവീദിന്റെ മറുപടി ശ്രദ്ധേയമാണ്.

"എനിക്ക് ഒരു ചെലവുമില്ലാത്ത ദഹനബലി എന്റെ ദൈവമായ കർത്താവിന് ഞാൻ അർപ്പിക്കുകയില്ല' (2 സാമുവൽ 24:24)." ഒരു ചെലവുമില്ലാതെ നമുക്ക് ബലിയർപ്പിക്കാൻ സാധിക്കും. ഒരു ഒരുക്കവും കൂടാതെ മരണം വരെ ഒരുപക്ഷേ കർത്താവിനെ സ്വീകരിക്കാൻ സാധിക്കും. അതുകൊണ്ട് എന്തു പ്രയോജനം. ബലിയർപ്പണത്തിനു തുടക്കം മുതലേ വന്നവനും, ബലിയർപ്പണത്തെ വളരെ നിസാരമായിക്കണ്ട് വൈകിവരുന്നവനും ഒരുപോലെ ഭക്ഷിക്കുന്നുവെങ്കിലും ദൈവത്തെ കുറച്ചുകൂടി സീരിയസായി കാണുന്നവനിലേ ദൈവം പ്രസാദിക്കൂ. അവന്റെ തളർച്ചയേ മാറൂ. അവന്റെ പാദങ്ങൾക്കേ ബലം കിട്ടുകയുള്ളൂ.

**ഫാ. ഷിബു പുളിക്കൽ**

---

*......പേജ് 20-ൽ നിന്ന് തുടർച്ച*

യർപ്പിക്കുകയും കുർബാന കൈക്കൊള്ളുകയും ചെയ്യുന്ന നമ്മൾ കുർബാനയുടെ മനുഷ്യരാകണം. ഇല്ലെങ്കിൽ നാം കപടമനുഷ്യരായിരിക്കും. ജീവിതവും പ്രാർത്ഥനയും തമ്മിൽ പൊരുത്തമില്ലാത്ത കപടമനുഷ്യർ.

വിശുദ്ധ കുർബാനയർപ്പണവും കുർബാന സ്വീകരണവും വെറും ഭക്ത്യാഭ്യാസമായി അധഃപതിക്കുന്ന അവസ്ഥ ഇന്നുണ്ട്. ബലിയർപ്പണത്തിന് മുമ്പും ശേഷവുമുള്ള നമ്മുടെ ജീവിതം ഒരുപോലെയാകുമ്പോൾ ഇതാണ് സംഭവിക്കുന്നത്. സ്വർഗരാജ്യതീർത്ഥാടകരായ നമ്മുടെ തിരുപ്പാഥേയമായ കുർബാന നമ്മുടെ ജീവിതങ്ങളെ സ്വാധീനിക്കട്ടെ.

**ഫാ. ഫിലിപ്പ് കാരക്കാട്ട്**

www.malankaralibrary.com



# ലൂക്ക. 1:39 - 56

## ആഗസ്റ്റ് 15 സ്വർഗ്ഗാരോപണ തിരുനാൾ

### ഭാഷ്യം

### I. സന്ദർഭം

ബാല്യകാലസുവിശേഷമാണ് ലൂക്കായുടെ സുവിശേഷത്തിന്റെ ഒന്നാം ഭാഗം (1:1-2:52). സ്നാപകന്റെയും യേശുവിന്റെയും ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് ആദ്യം വിവരിക്കുന്നത് (1:5-38). അതിനുപുറകെ വരുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

### II. പ്രമേയം

മറിയം എലിസബത്തിനെ സന്ദർശിക്കുന്നു. മറിയത്തിനെ കണ്ടപ്പോൾ എലിസബത്ത് സ്ത്രോത്രഗീതം ആലപിക്കുന്നു. മനുഷ്യകുലത്തിൽ നിന്ന് മറിയത്തിനു ലഭിക്കുന്ന വണക്കത്തിന്റെ തുടക്കമാണിത്. മറിയത്തിന്റെ മഹത്വത്തിനു കാരണം അവളുടെ പുത്രന്റെ മഹത്വമാണ് (1:49).

### III. സന്ദേശം

1. മറിയം എലിസബത്തിനെ കാണുമ്പോൾ ആദ്യം ചെയ്യുന്നത് അഭിവാദനമാണ്. രണ്ടുപേർ കണ്ടുമുട്ടുമ്പോൾ ആദ്യം ചെയ്യാവുന്ന നല്ലൊരു കാര്യമാണത്- അഭിവാദനം ചെയ്യുക, അഥവാ നമസ്ക്കാരം പറയുക. കണ്ടു മുട്ടിയതിലുള്ള ആഹ്ലാദവും നന്ദിയുമാണ് അതിലൂടെ പ്രകടിപ്പിക്കുക. നിന്റെ പ്രിയരെയും സുഹൃത്തുക്കളെയും കണ്ടുമുട്ടാൻ നീ അവസരം കണ്ടെത്തുക. കണ്ടു മുട്ടലിന്റെ ആഹ്ലാദവും നന്മയും പ്രകടിപ്പിക്കുക. മനുഷ്യബന്ധങ്ങൾ ദൈവികമാകുന്നത് അങ്ങനെയാണ്.

2. മറിയത്തിന്റെ അഭിവാദനത്തോടെ എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറയുന്നു. മറിയത്തിൽ ആവസിച്ച പരിശുദ്ധാത്മാവാണ് (1:35) ഇപ്പോൾ എലിസബത്തിലേക്കും വ്യാപിക്കുന്നത്. ഓരോ കണ്ടുമുട്ടലിലും അഭിവാദന ത്തിലും സംഭവിക്കുന്നത് ഇതു തന്നെയാണ്. നിന്നിലുള്ള ചൈതന്യവും നന്മയും നീ കണ്ടുമുട്ടുന്നവരിലേക്കും നീയുമായി ഇടപഴകുന്നവരിലേക്കും പടർന്നുകയറും. മറ്റുള്ളവർക്ക് നൽകാവുന്ന ഏറ്റവും വലിയ അനുഗ്രഹ മാണിത്. അതിനാൽ ദൈവാത്മാവിനാലും ദൈവസാന്നിധ്യത്താലും ഓരോ ദിവസവും നിറയാൻ നീ പരിശ്രമിക്കുക. ഒപ്പം, കണ്ടുമുട്ടുന്ന എല്ലാവരിലേക്കും അത് പകരാനും.

3. ദൈവം തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു എന്നാണ് മറിയം പറയുന്നത് (1:48). താഴ്മയേയും, കുറവുകളേയും, ഇല്ലായ്മകളേയും ദൈവം

www.malankaralibrary.com

തൃക്കൺപാർക്കും. അതുകൊണ്ടുതന്നെ നിന്റെ നിസ്സാരതകളെയോർത്ത് നീ ആകുലപ്പെടരുത്. കാരണം ദൈവത്തിന് നിന്നിൽ പ്രവർത്തിക്കാനുള്ള മേഖലയാണത്. നിന്റെ നിസ്സാരതകളിലും കുറവുകളിലും ദൈവം പ്രവർത്തിക്കുമ്പോഴാണ് വലിയ അത്ഭുതങ്ങൾ സംഭവിക്കുന്നത്. അതിനാൽ നിന്റെ നിസ്സാരതകളെ തിരിച്ചറിയുക; അവയിലേക്ക് തമ്പുരാനെ ക്ഷണിച്ചുവരുത്തുക.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: ഹൃദ്യമാകണം സാമീപ്യം

ഒരു ഇടവകയിൽ, ധ്യാനം നടത്തിക്കൊണ്ടിരുന്ന ദിനങ്ങളിൽ, ഭവനസന്ദർശനത്തിനിടയ്ക്കുണ്ടായ ഒരു അനുഭവം. ഒരു വീടിന്റെ ഉമ്മറപ്പടിയിൽ കാലെടുത്തുവച്ചപ്പോൾ, അവിടെ നിലത്ത് പായ് വിരിച്ച് കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ കണ്ടു. ഏകദേശം മൂന്ന് വയസ്സ് മാത്രം പ്രായം തോന്നിക്കും ആ ശിശുവിന്. കുളിപ്പിച്ച്, പൗഡർ പൂശി, കൺമഷി എഴുതി, പൊട്ട് തൊടീച്ച്, ഒരു കുഞ്ഞുടുപ്പും ധരിച്ച് കിടക്കുന്ന ആ കുഞ്ഞിനെ കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. നിശ്ചലമായിക്കിടന്ന ആ കുഞ്ഞിനെ നോക്കി നിൽക്കുമ്പോൾ, വീടിന്റെ ഉള്ളിൽ നിന്നും, അറുപത് വയസ്സ് തോന്നിക്കുന്ന ഒരു സ്ത്രീ മുന്നോട്ടു വന്ന് എന്നെ നോക്കിക്കൊണ്ടു പറഞ്ഞു: "എനിക്ക് രണ്ട് പെൺമക്കളാണച്ചാ ഉള്ളത്". നിലത്ത് കിടക്കുന്ന കുഞ്ഞിനെ നോക്കിക്കൊണ്ട് അവർ തുടർന്നു: "ഇത് എന്റെ ഇളയമകൾ, ഇരുപത്തിരണ്ടുവയസ്സായി". ഞെട്ടലോടും അത്ഭുതത്തോടും കൂടി ഞാനാ കുഞ്ഞിനെ സൂക്ഷിച്ച് നോക്കി. ഇരുപത്തിരണ്ട് വയസ്സിന്റെ രൂപമോ ഭാവമോ എനിക്കാ കുഞ്ഞിൽ കണ്ടെത്താനായില്ല.

ജിജ്ഞാസയോടുകൂടി നിന്ന എന്നെ നോക്കിക്കൊണ്ട് ആ അമ്മ പറഞ്ഞു, "ഇവൾ എന്റെ ജീവനാണച്ചാ; ജനിച്ച അന്നു മുതൽ ഇങ്ങനെയാ. ദിവസം ഒന്നോ രണ്ടോ തവണ പുഞ്ചിരിക്കും. അതെന്റെ കരള് നിറയ്ക്കും. എനിക്കത് മതി അന്നത്തെ ദിവസം സന്തോഷിക്കാൻ. ആ പുഞ്ചിരി കാണാൻ എല്ലാ നേരവും ഞാനിവളുടെ അരികിൽ തന്നെ ഉണ്ടാകും. ഇവൾ ഇല്ലായിരുന്നുവെങ്കിൽ, വലിയ കഷ്ടപ്പാട് അനുഭവിച്ച ഞാൻ എന്നേ മരിച്ചുപോകുമായിരുന്നു".

ഈ അമ്മയ്ക്ക് ആ മകൾ വെറുമൊരു മാംസപിണ്ഡമല്ല, ജീവിതമാണ്. ജീവിതഭാരങ്ങൾ ലഘൂകരിക്കുവാനും യാഥാർത്ഥ്യങ്ങൾ അംഗീകരിക്കുവാനും ആഹ്ലാദം പകരുവാനും ഈ മകൾ ഒരു കാരണമായി. പുണ്യപ്പെട്ട സാന്നിദ്ധ്യമെല്ലാം പുഞ്ചിരിയോടെ ജീവിതത്തെ സമീപിക്കാൻ നമ്മെ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. പരിശുദ്ധ മറിയത്തിന്റെ സാന്നിദ്ധ്യം എലിസബത്തിൽ പ്രകാശം പരത്തുന്നു. അവളുടെ ഉള്ളിലെ ശിശുപോലും മറിയത്തിന്റെ സ്വരം കേട്ട് തുള്ളിച്ചാടി. മറിയം അത്രയേറെ മഹത്തായ ഒരു സാമീപ്യമായിരുന്നു. നൈർ

www.malankaralibrary.com

മല്യമുള്ള വ്യക്തിത്വങ്ങൾ, അവരുടെ രൂപഭാവങ്ങളിലൂടെ മറ്റുള്ളവർക്ക് സമ്മാനിക്കുന്നത് സുഖസാന്നിദ്ധ്യമാണ്. എലിസബത്തിന്റെ ഹൃദയത്തേയും ഉദരത്തേയും തഴുകിയെത്തിയ ഒരു ഇളംകാറ്റായിരുന്നു മറിയം. ആത്മസുഖം അനുഭവിക്കുന്നവർക്ക് മാത്രമേ മറ്റുള്ളവരുടെ ജീവിതത്തിൽ ഇതുപോലാകാൻ കഴിയൂ. ജീവിതത്തിൽ സംഭവിക്കുന്ന കയ്പ്പിലും മധുരത്തിലും ദൈവത്തെ കണ്ടറിയുകയും ദൈവിക മാർഗ്ഗത്തിൽ ജീവിതത്തെ പൂർണ്ണമായും എടുത്തുവയ്ക്കുകയും ചെയ്യുന്നവർക്ക് മറ്റുള്ളവരെ സുഖാവസ്ഥയിൽ എത്തിക്കാനാകും.

കുഞ്ഞിന് ജന്മം കൊടുക്കാൻ തയ്യാറെടുക്കുന്ന സ്ത്രീക്ക് ലഭിക്കുന്ന സന്തോഷം, അവളുടെ ഗർഭസ്ഥശിശുവിൽപ്പോലും പടരുന്നതായി നാം കാണുന്നു. മറിയം നൽകിയ ദൈവികാനുഭവങ്ങൾ ഒരു ദർശനമാകുകയാണിവിടെ. ഒരു ശിശു മിഴിതുറന്ന് ഈ ലോകം കാണുന്നതിനുമുൻപേ ആ കുഞ്ഞിന് നല്ല അനുഭവങ്ങൾ കൊടുക്കാൻ നമുക്കാകണം. ആദ്യാനുഭവങ്ങൾ അമൂല്യം തന്നെ ആയിരിക്കണം. ദൈവത്തിന്റെ ഇഷ്ടങ്ങൾക്ക് മുന്നിൽ, മറുമൊഴിയില്ലാതെ ജീവിതം സമർപ്പിച്ചവർക്ക് ആരുടേയും ദുരവസ്ഥയിൽ ഇടപെട്ട് സാന്ത്വനിപ്പിക്കാനുള്ള മനസ്സുണ്ടാകും. അതാണ് പരിശുദ്ധ കന്യാമറിയത്തിൽ നാം കാണുന്നത്. സന്തോഷവും സമാശ്വാസവും നാം നൽകുമ്പോൾ നമ്മുടെ സാമീപ്യവും മറിയത്തിന്റെ സാന്നിദ്ധ്യംപോലെ ഹൃദ്യമായിരിക്കും ആർക്കും.

എല്ലായ്പ്പോഴും, പ്രത്യേകിച്ച്, വേദനയുടെ നിമിഷത്തിൽ പുണ്യങ്ങൾ നീട്ടിത്തരുന്ന കരങ്ങൾ ഗ്രഹിക്കുവാനാണല്ലോ നമുക്കിഷ്ടം. അവരിലേക്ക് എത്തിപ്പെടുവാനുള്ള ഉത്സാഹം നമുക്കെന്നും ഉണ്ടായിരിക്കും. പുണ്യങ്ങളും പുത്തൻ അനുഭവങ്ങളും പങ്കുവയ്ക്കുവാനുമാണ് പരിശുദ്ധ അമ്മ എലിസബത്തിന്റെ ജീവിതത്തിലേക്ക് വന്നത്. എലിസബത്ത് മറിയത്തിൽ നിന്നും ലഭിച്ച ആത്മീയ പ്രകാശത്തിൽ മുങ്ങിക്കുളിച്ചുകൊണ്ട് വിളിച്ചു പറഞ്ഞു: "നീ സ്ത്രീകളിൽ അനുഗൃഹീതയാണ് (42)" മറ്റുള്ളവർക്ക് നാം കൊടുക്കുന്ന അനുഭവത്തിനനുസരിച്ചാണ് നാമീലോകത്തിൽ വെളിപ്പെടുന്നത്.

പരുക്കൻ അനുഭവങ്ങൾ നൽകുന്നവരുടെ ജീവിതത്തിൽ പച്ചപ്പിന്റെ നാമ്പുപോലുമില്ല. നനവുള്ളിടത്തല്ലേ ചെടിമുളയ്ക്കൂ, പൂവുണ്ടാകൂ, കായുണ്ടാകൂ. കഠിനഹൃദയരിൽ നിന്നും തെന്നിമാറാൻ നാമെപ്പോഴും ശ്രമിക്കുന്നു. ഈശോയുടെ സമീപത്തേക്ക് ജനം ഇരച്ചു കയറുന്നു. അവൻ നൽകുന്ന ദിവ്യാനുഭവത്തിലേക്കുള്ള ഒഴുക്കാണിത്. ആകുലരുടെ ഹൃദയങ്ങളിലേക്ക് യേശു ഒട്ടിച്ചേരുന്നു. കാരണം സ്നേഹം ഒരു കാന്തികശക്തിയാണല്ലോ. ഈശോയുടെ സ്വരം ശ്രവിച്ചവർ അവനെ അനുഗമിക്കുന്നു, മർത്തായും മറിയവും യേശുവിന്റെ സാന്നിദ്ധ്യം ഇഷ്ടപ്പെട്ടു, ശതാധിപൻ ഈശോയെ അന്വേഷിച്ച് കണ്ടെത്തുന്നു, സക്കേവൂസ് ഈശോയുടെ വഴിയിലേക്ക് വരുന്നു, രക്തസ്രാവക്കാരി ഈശോയുടെ പിന്നാലെയെത്തുന്നു, പാപിനിയായ സ്ത്രീ ഈശോയെ അഭയസങ്കേതമാക്കുന്നു, രോഗികൾ അവന്റെ സാമീപ്യ

www.malankaralibrary.com

ത്തിൽ ആനന്ദിക്കുന്നു. യേശുവിന്റേയും മറിയത്തിന്റേയും സാന്നിദ്ധ്യത്തിനു പോലും ഒടുങ്ങാത്ത വിലയുണ്ട്.

നാം ഒരു ഭവനത്തിൽ അതിഥിയായ് എത്തി; അവിടെ നിന്നും വിട പറഞ്ഞുപോകുന്ന നേരത്ത്, ആതിഥേയൻ, "ഇത്രനേരത്തേ പോകണമോ? കുറച്ചുകൂടെ ഇവിടെ ചിലവഴിക്കാൻ പാടില്ലേ?" എന്ന് ചോദിക്കുമ്പോൾ, ഒരു പുഞ്ചിരി സമ്മാനിച്ച് പടിയിറങ്ങുന്ന നിങ്ങൾക്ക് നിറമനസ്സോടെ യാത്ര തുടരാം, നിങ്ങളുടെ സാമീപ്യം വിലപ്പെട്ടതായിരുന്നുവെന്ന് തെളിഞ്ഞു കഴിഞ്ഞു.

ചിലർ വരുന്നു എന്നറിയുമ്പോൾ തന്നെ, നമ്മുടെ മനഃശാന്തി നഷ്ടപ്പെടാൻ തുടങ്ങുന്നു. അവരുടെ വാക്കുകളുടെ വൈകല്യവും ചലനത്തിലെ സംസ്ക്കാര ശൂന്യതയും നോട്ടത്തിലെ ഭീകരതയും നമ്മെ വല്ലാതെ നൊമ്പരപ്പെടുത്തുന്നു. അത്തരം ദുരനുഭവം തരുന്നവരെക്കുറിച്ച് നാമിങ്ങനെ ചിന്തിച്ചു പോകുന്നു; അവർ വരാതിരുന്നെങ്കിൽ, പെട്ടെന്ന് പോയിരുന്നെങ്കിൽ....'

ആരുടേയും ഉള്ളിൽ ഭീതിയും ഭിന്നിപ്പും സൃഷ്ടിക്കാതിരിക്കണം നാം. പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യം എലിസബത്തിലും അവളുടെ ഗർഭസ്ഥ ശിശുവിലും പകർന്നു കൊടുത്ത ശാന്തിയുടേയും സന്തോഷത്തിന്റേയും നേർ പ്രതീകങ്ങൾ ആകണം നാം. ഉള്ളിലെ ദൈവത്തെ കൊടുക്കാൻ നമുക്ക് മനസ്സുണ്ടെങ്കിൽ നമ്മുടെ സാന്നിദ്ധ്യത്തേയും സ്വഭാവത്തേയും ഹൃദയത്തിൽ വഹിക്കാൻ ആളുകളുണ്ടാകും.

**ഫാ. ജോയി. ജെ. കപ്പൂച്ചിൻ**

---

*......പേജ് 11-ൽ നിന്ന് തുടർച്ച*

വിശ്വസിക്കുവാൻ ക്രിസ്തു ആവശ്യപ്പെടുകയാണ്. ദൈവത്തിൽ വിശ്വസിക്കുന്നവർ നിത്യജീവൻ പ്രാപിക്കാൻ ദൈവം തന്റെ സ്നേഹമുദ്ര പതിച്ച കുഞ്ഞാടും ജീവൻ നൽകുന്ന അപ്പവും താൻ തന്നെയെന്ന് ക്രിസ്തുവ്യക്തമാക്കുന്നു. അത്ഭുതങ്ങളുടെ മറവിലുള്ള അനശ്വരതയെ ഗ്രഹിക്കുക.

ശിഷ്യൻ ഗുരുവിനോടു ചോദിക്കുകയാണ്; ഗുരോ, അങ്ങയുടെ ജ്ഞാന വചസ്സുകൾ കേട്ട് എല്ലാവരും അത്ഭുതപ്പെടുന്നു; ജീവിതം ക്രമപ്പെടുത്തുന്നു. ഈ ജ്ഞാനം ഏത് ഗ്രന്ഥം പ്രദാനം ചെയ്തു?

ഗുരു ശിഷ്യനുമായി പ്രാർത്ഥനാമുറിയിലേക്ക് പോയി. ജലപാനം പോലും കൂടാതെ ആ ദിവസം ധ്യാന നിമഗ്നനായി. അന്നു തന്നെ ശിഷ്യൻ ഗുരുവിനെ വിട്ടുപോയി. വർഷങ്ങൾക്കുശേഷം അവനോട് ഇതേചോദ്യം ആവർത്തിക്കപ്പെട്ടു. ഗുരുവിന്റെ പ്രവൃത്തി അവൻ ആവർത്തിച്ചു. ശരീരത്തിന്റെ വിശപ്പകറ്റി അപ്പം വിളമ്പിയ ക്രിസ്തു ആത്മാവിന്റെ വിശപ്പകറ്റാൻ വചനം വിളമ്പി മറുകരയിൽ കാത്തിരിക്കുന്നു; സ്നേഹത്തിന്റെ മുദ്രയുള്ള ക്ഷണക്കത്തുമായി. കൈവഴിയുടെ ഓരം ചേർന്ന് ഉറവയുടെ നെറുകയിലെത്തുക.

**ഫാ. മേരി ജോൺ കപ്പുച്ചിൻ**

www.malankaralibrary.com



# യോഹ. 6:51-58

ആഗസ്റ്റ് 19 ഞായർ

## ഭാഷ്യം

### I. സന്ദർഭം

അടയാളങ്ങളുടെ പുസ്തകത്തിൽ (1-12) ഈശോ നടത്തുന്ന ഏറ്റവും സുദീർഘമായ പ്രഭാഷണമാണ് (6:25-59) ആറാം അദ്ധ്യായത്തിലുള്ളത്. ഇവിടെ വി. കുർബ്ബാനയെക്കുറിച്ചുള്ള യോഹന്നാന്റെ ദൈവശാസ്ത്ര വീക്ഷണം മുഴുവനും കണ്ടെത്തുവാൻ സാധിക്കും. പ്രഭാഷണത്തിന്റെ അവസാനഭാഗമാണ് ഇന്നത്തെ സുവിശേഷം.

### II. പ്രമേയം

യേശുവാണ് ജീവദായകമായ അപ്പം. യേശുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവനാണ് നിത്യജീവൻ ലഭിക്കുന്നത് (6:53-54). അവൻ ഒരിക്കലും മരിക്കുകയില്ല (6:58-59).

### III. സന്ദേശം

1. ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ് (6:51)- ഇതാണ് യേശു പറയുന്നത്. സ്വന്തം ശരീരം മറ്റുള്ളവരുടെ ജീവന് ആഹാരവും ആധാരവുമായി നൽകുക. നിന്റെ ശരീരവും നിന്റെ ജീവിതവും മറ്റുള്ളവർക്ക് ജീവദായകമായി മാറണം. അപ്പോഴാണ് നീ ക്രിസ്തുശിഷ്യനായിത്തീരുന്നത്.

2. നിന്റെ ജീവന്റെ ആഹാരമായി യേശുവിന്റെ ശരീരവും രക്തവും മാറണം (6:54)- അതായത് അവന്റെ ജീവിതം തന്നെ. നിന്റെ ജീവനും നിലനിൽപ്പിനുമായി നീ യേശുവിനെ ആശ്രയിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. അതിനാൽ നിന്റെ ജീവിതം പ്രതിസന്ധിയിലാകുമ്പോഴും, നീ ക്ഷീണിതനും രോഗിയുമാകുമ്പോഴും നിന്റെ ജീവന്റെ ഭക്ഷണത്തെ നീ മറക്കാതിരിക്കുക-യേശുവിലേക്ക് പിന്തിരിഞ്ഞു വരുക. നിന്റെ ജീവിതത്തിന് ഊർജവും ശക്തിയും ലഭിക്കേണ്ടത് അങ്ങനെയാണ്. നിന്റെ ജീവന്റെ അന്ത്യമായ മരണത്തെപ്പോലും അതിജീവിക്കാനുള്ള മാർഗ്ഗം യേശുവിനോടുള്ള നിന്റെ ബന്ധമാണ്. മരണത്തിലും മരണകരമായ സാഹചര്യങ്ങളിലും നീ യേശുവിനോടു ചേർന്നു നിൽക്കുക; നിത്യജീവനിലേക്ക് പ്രവേശിക്കാനാകും.

3. യേശു പിതാവുമൂലം ജീവിക്കുന്നു. അതുപോലെ യേശുവിനെ ഭക്ഷിക്കുന്നവൻ യേശു മൂലം ജീവിക്കും (6:57). നിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും തീരുമാനങ്ങൾക്കും ആധാരമായി നിൽക്കേണ്ടത് യേശുവുമായുള്ള നിന്റെ ബന്ധമാണ്. നിന്റെ ജീവിതവും പ്രവർത്തനവും യേശുമൂലമാകുമ്പോഴാണ് നീ ക്രിസ്തു ശിഷ്യനായിത്തീരുന്നത്.

**ഡോ. ജേക്കബ് നാലുപറയിൽ**

www.malankaralibrary.com

July 2012 / Price Rs. 25 Karunikan RNI No. KERMAL/2007/19623. Postal Reg. No.KL/ALY/0010/2010-12

# പ്രസംഗം: ജീവന്റെ അപ്പം

മലയാളികൾ ഏറെ സ്നേഹിക്കുന്ന കവിയാണ് പി. ഭാസ്ക്കരൻ . എത്രയോ മനോഹരഗാനങ്ങൾ അദ്ദേഹത്തിന്റേതായി നമുക്കുണ്ട്. അദ്ദേഹത്തിന്റെ അർത്ഥപൂർണമായ ഒരു കവിതയാണ് 'ഓർക്കുക; വല്ലപ്പോഴും'. വേർപിരിയലിന്റെ നൊമ്പരത്താൽ സ്നേഹഭാജനത്തോടു നടത്തുന്ന അപേക്ഷയാണിത്. ബന്ധങ്ങളെ സജീവമാക്കുന്നത് ഓർമ്മയാണ്.

ഈ ലോകം വിട്ട് പിതാവിന്റെ പക്കലേക്ക് പോകാൻ സമയമായപ്പോൾ ഈശോ വിശുദ്ധകുർബാന സ്ഥാപിച്ചുകൊണ്ടുപറഞ്ഞു: ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ. എന്നും നിലനിൽക്കുന്ന ഓർമയാണ് വിശുദ്ധ കുർബാനയിൽ. വല്ലപ്പോഴും ഓർക്കുക എന്നു പറയാനേ മനുഷ്യർക്കു കഴിയൂ. എന്നും ഓർക്കുന്ന സമ്മാനമെന്നു പറഞ്ഞ് നമ്മൾ കൈമാറുന്നവയൊക്കെ അൽപായുസ്സുകളാണല്ലോ. ഈശോയുടെ സ്വയംദാനമായ, സമ്പൂർണദാനമായ പരിശുദ്ധ കുർബാനയുടെ മഹത്വം ഇത്തരുണത്തിലാണ് നാമോർമ്മിക്കേണ്ടത്.

വിട്ടുവീഴ്ചയ്ക്കോ, മയപ്പെടുത്തലിനോ ഇടയില്ലാത്തവിധം അർത്ഥശങ്കയ്ക്കിട നൽകാത്തവിധത്തിൽ, അംഗബലം കുറഞ്ഞുപോകുമോയെന്ന ഭയമില്ലാതെതന്നെ കണിശവും കൃത്യവും വ്യക്തവുമായ ഭാഷയിൽ അവിടുന്ന് വിശുദ്ധകുർബാനയെക്കുറിച്ച് സംസാരിക്കുന്നു. ഈ പ്രബോധനം കേട്ട് ശിഷ്യരിൽ കുറേപ്പേർ അവിടുത്തെ ഉപേക്ഷിച്ചുപോയി. എന്നിട്ടും അവിടുന്ന് ഒന്നും ഭേദപ്പെടുത്തിയില്ല. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനം വിശുദ്ധ കുർബാനയാണ്. വിശുദ്ധ കുർബാനയിൽ വിശ്വസിക്കാതെ, വിശുദ്ധ കൂദാശകളിൽ വിശ്വസിക്കാതെ, ദൈവികജീവന്റെ ഉറവിടങ്ങളാണവയെന്നു വിശ്വസിക്കാതെ ജീവിക്കുന്നവരുടെ ക്രൈസ്തവവിശ്വാസം കപടമാണ്. സോക്രട്ടീസ്, മുഹമ്മദ്നബി, മഹാത്മാഗാന്ധി മുതലായ മഹാത്മാക്കളെപ്പോലെ ഒരാൾ മാത്രമാണ് ക്രിസ്തുവെന്ന് മനുഷ്യകുലത്തിന് ഉന്നതവും അനുകരണീയവുമായ മാതൃക നൽകിയ പ്രവാചകനാണ് ക്രിസ്തുവെന്ന് കരുതുന്നവർ ക്രിസ്ത്യാനികളല്ല. ക്രിസ്തു ദൈവപുത്രനാണ്, മനുഷ്യപുത്രനാണ്, അവന്റെ ശരീരം യഥാർത്ഥ ഭക്ഷണവും രക്തം യഥാർത്ഥ പാനീയവുമാണ്; അതാണ് നമുക്ക് നിത്യജീവൻ നൽകുന്നത്; തിരുശരീരരക്തങ്ങൾ ഭക്ഷിക്കാത്തവർ നിത്യസൗഭാഗ്യത്തിന് അർഹരല്ല എന്നു വിശ്വസിക്കുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ.

വിശുദ്ധ കുർബാനയുടെ പ്രായോഗികമാനത്തെക്കുറിച്ച് ചിന്തിക്കാം. നമുക്കുവേണ്ടി കീറിമുറിക്കപ്പെട്ട തിരുശരീരവും ചിന്തപ്പെട്ട തിരുരക്തവും നമ്മെ കുർബാനയുടെ ആളുകളാക്കണം. സഹോദരങ്ങൾക്കുവേണ്ടി ത്യാഗം ചെയ്യാനും അധ്വാനിക്കാനും സഹോദരങ്ങളുടെ സംതൃപ്തിക്കുവേണ്ടി നമ്മുടെ താൽപര്യങ്ങൾ ബലിചെയ്യാനും നാം സന്നദ്ധത നേടണം. വിശുദ്ധകുർബാന

*......ശേഷം പേജ് 14-ൽ*

*Printed & Published by Fr. Jacob Naluparayil, MCBS House, Perumanoor P.O.-682 015, Ernakulam.*
*Printed at Viani Printings, Kochi - 18, Kerala; Editor: Fr. Jacob Naluparayil*